APJ ABDUL KALAM TECHNOLOGICAL UNIVERSITY
CET Campus, Thiruvananthapuram – 695016
Ph: 0471 2598122; Fax: 2598522 www.ktu.edu.in Email:university@ktu.edu.in

**21-05-2020**

**PRESS RELEASE**

## അവസാന സെമസ്റ്റർ പരീക്ഷകളുടെ തീയതി പ്രഖ്യാപിച്ച് കെ ടി യു

തിരുവനന്തപുരം: ബി.ടെക് എട്ടാം സെമസ്റ്റർ റെഗുലർ, സപ്ലിമെൻററി പരീക്ഷകൾ ജൂലൈ 1 മുതൽ നടത്താൻ എ പി ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്‌സിറ്റി തീരുമാനിച്ചു. കൂടാതെ മാർച്ച് 16 ന് നടത്താൻ കഴിയാത്ത ഏഴാം സെമസ്റ്റർ ഓണേഴ്സ് പരീക്ഷയും എംബിഎ ടി 5 പരീക്ഷയും ജൂൺ 26 ന് നടത്തും. എട്ടാം സെമസ്റ്റർ ഓണേഴ്സ് പരീക്ഷ ജൂൺ 29 ന് നടക്കും.

എംബിഎ ടി 5 പരീക്ഷ ഒഴികെ മറ്റുള്ള പരീക്ഷകൾ വിദ്യാർത്ഥികൾക്ക് ഇപ്പോൾ താമസിക്കുന്ന സ്ഥലത്തിന് ഏറ്റവും അടുത്തുള്ള കേന്ദ്രങ്ങളിൽ എഴുതാം. ലോക്ക് ഡൗൺ സമയത്ത് കുട്ടികൾ വീടുകളിലേക്ക് മടങ്ങിയത് കണക്കിലെടുത്താണ് ഈ തീരുമാനം.

പരീക്ഷയുടെ ദൈർഘ്യം മൂന്ന് മണിക്കൂറിൽ നിന്ന് രണ്ട് മണിക്കൂർ പതിനഞ്ച് മിനിറ്റായി കുറച്ചിട്ടുണ്ട്. ചോദ്യപേപ്പറിന്റെ ഘടനയിൽ മാറ്റം ഉണ്ടാകില്ലെങ്കിലും, മൊത്തം മാർക്ക് 70 ആയി കുറയ്ക്കും. എന്നാൽ മാർച്ചിൽ നടക്കേണ്ടിയിരുന്ന പരീക്ഷകൾക്ക് സമയ ദൈർഘ്യത്തിലും മാർക്കിലും ഉള്ള മാറ്റങ്ങൾ ബാധകമല്ല.

രാവിലെ 10.15 ന് ആരംഭിക്കുന്ന പരീക്ഷക്ക് വിദ്യാർത്ഥികൾ 9.30 ന് തന്നെ പരീക്ഷാകേന്ദ്രങ്ങളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഉച്ചയ്ക്ക് 2.15 ന് ആരംഭിക്കുന്ന പരീക്ഷകൾക്ക് റിപ്പോർട്ടിംഗ് സമയം ഉച്ചയ്ക്ക് 1.30 ആയിരിക്കും.

കോവിഡ്-19 സംബന്ധിച്ച സാമൂഹിക അകലം പാലിക്കൽ മാനദണ്ഡങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സുരക്ഷാ മുൻകരുതലുകളും പരീക്ഷ നടത്തിപ്പിന് ഉറപ്പാക്കും.

പല കാരണങ്ങളാൽ എട്ടാം സെമസ്റ്റർ പരീക്ഷക്ക് ഹാജരാകാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് ഒക്ടോബറിൽ മറ്റൊരു അവസരം നൽകും.

ബിരുദബിരുദാനന്തര കോഴ്സുകളിലെ അവസാന സെമസ്റ്റർ പ്രോജക്റ്റുകളുടെ മൂല്യനിർണ്ണയം ഇന്റെർണൽ ആയി നടത്തും.

## എസ് 7 പരീക്ഷ പുനർമൂല്യനിർണയം

ബിടെക് ഏഴാം സെമസ്റ്റർ പരീക്ഷകളുടെ മൂല്യനിർണയം മെയ് 27, 28, 29 തീയതികളിൽ നടത്താൻ സർവകലാശാല തീരുമാനിച്ചു.

മൂല്യനിർണ്ണയ ഡ്യൂട്ടിയിലുള്ള അധ്യാപകർക്ക് ഉത്തരക്കടലാസുകൾ വീട്ടിൽ കൊണ്ടുപോയി മൂല്യനിർണയം നടത്താം.

ശാരീരിക അകലം പാലിക്കൽ, മാസ്ക് ധരിക്കുക, സാനിറ്റൈസർ ഉപയോഗം തുടങ്ങിയ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കാൻ സർവകലാശാല ക്യാമ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.